## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3236**

**14-7-2015** ലെ മറുപടിക്ക്

### സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>,, സണ്ണി ജോസഫ്<br>,, വി.ഡി. സതീശൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ ; | (എ) സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ കഴിയാത്തവർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗവിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും, സഹായിക്കുന്നതിനുമായി 10,000/- രൂപ വരെയുള്ള ചെറുകിട വായ്പകൾ നൽകുന്നതിനും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5000/- രൂപാവരെ സ്വന്തം ജാമ്യത്തിന്മേൽ വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 5000/- രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 2 ദിവസത്തിനകം സംഘം ചീഫ് എക്സിക്യൂട്ടീവും 5000/- രൂപ മുതൽ 10,000/- രൂപാവരെയുള്ള |

വായ്പകൾ പരമാവധി 5 ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയിൽ സംഘം പ്രസിഡന്റിനും അനുവദിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കുന്നത്.

സി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി) സഹകരണ സംഘം രജിസ്ട്രാർ 25/14 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി അംഗീകാരം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങളുടെ /ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങളുടെ / ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണിമുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ ഞായറാഴ്ചകളിൽ രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ " സൺഡേ ബാങ്കിംഗ് " നടത്തുന്നതിനും അനുമതി നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**